# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2061 26.03.2013 ൽ മറുപടിക്ക്

## റെയിൽവേ സ്റ്റേഷനുകൾക്ക് അന്താരാഷ്ട്ര നിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം, എറണാകുളം റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള പ്രാരംഭ കൺസൾട്ടൻസി സേവനങ്ങൾക്കായുള്ള ടെണ്ടറുകൾ റയിൽവേയുടെ പരിഗണയിലാണ്. ചിലവേറിയ ഈ പദ്ധതികൾ കർശനമായ ആസൂത്രണത്തിനു ശേഷമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ പണികൾ ത്വരിതപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കോഴിക്കോട് റെയിൽവേ സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; | | |
| (സി) | എങ്കിൽ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | | |

സെക്ഷൻ ഓഫീസർ